(ഡി) കൊച്ചിയിൽ 157 മെഗാവാട്ട് ശേഷിയുള്ള ബി.എസ്.ഇ.എസ്. പദ്ധതി നടപ്പിലാക്കിവരുന്നു.

വൈദ്യുതിബോർഡിൽ ലാഭകേന്ദ്രങ്ങൾ

75(978) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ലാഭകേന്ദ്രങ്ങൾ എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) ലാഭകേന്ദ്രങ്ങൾ നിലവിൽ വരുമ്പോൾ നിലവിലുള്ള തസ്തികകൾ കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഇതിന്റെ രൂപീകരണം സംബന്ധിച്ച ടാസ്ക് ഫോഴ്സുകൾ ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) ഓരോ ലാഭകേന്ദ്രത്തിന്റേയും കീഴിൽ നിലവിലുള്ള വൈദ്യുതി ബോർഡിന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളുകയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1-4-2000 മുതൽ ഘട്ടംഘട്ടമായി പ്രാബല്യത്തിൽ വരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഓരോ ലാഭകേന്ദ്രത്തിലും ആവശ്യമായ തസ്തികകൾ "വർക്ക് സ്റ്റഡി" നടത്തി വിശദമായി പരിശോധിച്ചശേഷം നിശ്ചയിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ടാസ്ക് ഫോഴ്സുകൾ നൽകിയിട്ടുള്ള റിപ്പോർട്ടുകൾ അപ്പക്സ് കമ്മിറ്റി വിശദമായി പഠിച്ച് വരുന്നതേയുള്ളു.

(ഡി) ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൽപ്പാദന മേഖലയ്ക്ക് വേണ്ടിയുള്ള ലാഭകേന്ദ്രത്തിന്റെ കീഴിലും പ്രസരണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രസരണ മേഖലയ്ക്ക് വേണ്ടിയുള്ള ലാഭ കേന്ദ്രത്തിന്റെ കീഴിലും, വിതരണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിതരണ മേഖലയ്ക്കുവേണ്ടിയുള്ള ലാഭകേന്ദ്രത്തിന്റെ കീഴിലും കൊണ്ടു വരുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രോഫിറ്റ് സെന്ററുകൾക്കാവശ്യമായ ധനലഭ്യത, പൊതുവായി ചെയ്യേണ്ട കാര്യങ്ങൾ ഇവയെല്ലാം "കോർപ്പേറേറ്റ് ഓഫീസ്"-ന്റെ കീഴിലാണ് വരുന്നത്.

കെ.എസ്.ഇ.ബി. ജീവനക്കാരുടെ പണിമുടക്ക്

76(979) ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ജെ. പൗലോസ്:

LIBRARY ARCHIVES Kerala Legislative Assembly